**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 174** **16-09-2025 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലെ ആശുപത്രികളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ ജില്ലാ ആശുപത്രി, മാവേലിക്കരയിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ നിർമ്മാണ പ്രവർത്തനങ്ങളുടെ തൽസ്ഥിതി വിവരം ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന മാവേലിക്കര ജില്ലാ ആശുപത്രിയിലെ 71% നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. മേൽ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ തൊഴിലാളികളുടെ എണ്ണം ഉറപ്പുവരുത്തുന്നതിനും, പ്രസ്തുത പ്രവൃത്തി 2025 അവസാനത്തോടെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർവ്വഹണ ഏജസിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | നൂറനാട് ലെപ്രസി സാനിറ്റോറി യത്തിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് 99.99 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഫൈനൽ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ കെ..എം.എസ്.സി.എൽ തയ്യാറാക്കി വരികയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിയുടെ കരാർ നടപടികളിലേയ്ക്ക് കടക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ